# ആർ.വി.എസ്.എം ഹയർ സെക്കണ്ടറി സ്കൂൾ.
# പ്രയാർ  ഓച്ചിറ

# ശതാബ്ദി ആഘോഷം  2017

ഓണാട്ടുകരയുടെ അക്ഷരജ്യോതിസ്സായ പ്രയാർ  ആർ.വി.എസ് എം ഹയർസെക്കണ്ടറി സ്കൂൾ  ശതാബ്ദിയുടെ നിറവിലാണ്.ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഈ പ്രദേശത്തെ ജനങ്ങളുടെ സാമൂഹിക, സാംസ്കാരിക  ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് നിരവധി പ്രവർത്തനങ്ങളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.ഈ വേളയിൽ പുതുതലമുറയിലെ ഉയർന്ന ബൗദ്ധിക നിലവാരമുള്ള കുട്ടികളെ കണ്ടെത്തി സ്കോളർഷിപ്പ് പദ്ധതി തുടങ്ങുവാനും,കുട്ടികളുടെ നൈസർഗിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുവാനും ശതാബ്ദി ആഘോഷ കമ്മിറ്റി തീരുമാനിച്ചിരിക്കയാണ്.

കുട്ടികൾക്കായി നടത്തുന്ന വിവിധ മത്സരങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ

## I.ആർ.വി.എസ് എം.സ്കോളർഷിപ്പ്.

ഈ അദ്ധ്യയന വർഷം കരുനാഗപ്പള്ളി,കായംകുളം ഉപജില്ലകളിലെ സ്കൂളുകളിൽ  നാല്(4),ഏഴ്(7) ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തുന്നതാണ് ഈ പരീക്ഷ.

**ഓരോ ക്ലാസ്സിലും ഒന്നും,രണ്ടും,മൂന്നും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് അടുത്ത മൂന്ന് വർഷം ,സ്കൂൾ മാനേജ് മെന്റ്  സ്കോളർഷിപ് നല്കും.**

- ഒബ് ജക്ടീവ് മാതൃകയിലാണ് പരീക്ഷ .ആകെ  100 ചോദ്യങ്ങളുണ്ടായിരിക്കും. 50% ചോദ്യങ്ങൾ അതാത് ക്ലാസ്സിലെ ശാസ്ത്രം,ഗണിതം,സാമൂഹ്യശാസ്ത്രം  പാഠപുസ്തകങ്ങളെ ആസ്പദമാക്കിയും , 30%ചോദ്യങ്ങൾ പൊതുവിജ്ഞാനത്തെ സംബന്ധിച്ചും 20%ചോദ്യങ്ങൾ ഉയർന്ന നിലവാരത്തിലുള്ളവയും ആയിരിക്കും.
- പരീക്ഷാ സമയം ഒന്നരമണിക്കൂർ
- പരീക്ഷാ തീയ്യതി 25/11/2017 ശനിയാഴ്ച രാവിലെ 10 മണി.
- ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ  കൃത്യമായി പൂരിപ്പിച്ച് **2017 നവംബർ 15 ബുധനാഴ്ച പകൽ 3 മണിക്ക്** മുമ്പായി നേരിട്ടോ, താഴെ പറയുന്ന വിലാസത്തിൽ തപാൽ മുഖേനയോ എത്തിക്കണം. കവറിനു മുകളിൽ ആർ.വി.എസ് എം സ്കോളർഷിപ്പ് പരീക്ഷ എന്നെഴുതണം.

- അപേക്ഷ നൽകിയ കുട്ടികൾ പരീക്ഷാ ദിവസം രാവിലെ 9 മണിക്ക് സ്കൂളിലെത്തി പേര് രജിസ്റ്റർ ചെയ്യണം.
- രജിസ്ട്രേഷൻ ഫീ ആയി 25 രൂപ കൗണ്ടറിൽ അടയ്ക്കണം.

## II. സാഹിത്യ മത്സരങ്ങൾ

കഥാ രചന,കവിതാരചന, പ്രബന്ധരചന,പ്രസംഗം എന്നീ ഇനങ്ങളിലാണ് ഈ വിഭാഗത്തിലെ മത്സരങ്ങൾ.

### 1.കഥാരചന (സമയം ഒരു മണിക്കൂർ)

UP,HS,HSS വിഭാഗം കുട്ടികൾക്കായി പ്രത്യേകം മത്സരങ്ങൾ മികച്ച രചനകൾക്ക് സമ്മാനങ്ങൾ നല്കുകയും തെരഞ്ഞെടുക്കപ്പെടുന്ന കഥകൾ സ്കൂൾ മാഗസിനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും. രചനകൾ മലയാളത്തിലായിരിക്കണം

### 2.കവിതാ രചന(സമയം ഒരു മണിക്കൂർ)

UP,HS,HSS വിഭാഗം കുട്ടികൾക്കായി പ്രത്യേകം മത്സരങ്ങൾ മികച്ച രചനകൾക്ക് സമ്മാനങ്ങൾ നല്കുകയും തെരഞ്ഞെടുക്കപ്പെടുന്ന കവിതകൾ സ്കൂൾ മാഗസിനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.

### 3.പ്രബന്ധരചന (HS,HSS വിഭാഗം കുട്ടികൾക്ക്-സമയം ഒരു മണിക്കൂർ)

മലയാളം ,ഇംഗ്ലീഷ് ഭാഷകളിലെഴുതാം. മികച്ച രചനകൾക്ക് സമ്മാനങ്ങൾ നല്കുകയും തെരഞ്ഞെടുക്കപ്പെടുന്ന രചനകൾ സ്കൂൾ മാഗസിനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.

### 4 .പ്രസംഗ മത്സരം

LP,UP,HS,HSS വിഭാഗം കുട്ടികൾക്കായി പ്രത്യേകം മത്സരങ്ങൾ . LP ഒഴികെയുള്ള വിഭാഗങ്ങളുടെ വിഷയങ്ങൾ മത്സരത്തിന് 5 മിനിട്ട് മുമ്പ് നല്കും.

LP വിഭാഗത്തിന് താഴെകൊടുത്തിരിക്കുന്നവയിൽ നിന്ന് ഒരെണ്ണം മത്സരത്തിന് 5 മിനിട്ട് മുമ്പ് നറുക്കിട്ട് തീരുമാനിക്കും. വിജയികൾക്ക് സമ്മാനങ്ങൾ നല്കും.

LP വിഭാഗം പ്രസംഗ മത്സര വിഷയങ്ങൾ.

1.ഇന്റർനെറ്റിന്റെ സാധ്യതകൾ

2. പരിസര ശുചിത്വം

3 . രാജ്യസ്നേഹം

**III.ചിത്ര രചനാ മത്സരം ( പെൻസിൽഡ്രോയിംഗ്-സമയം ഒന്നര മണിക്കൂർ)**

LP,UP,HS,HSS വിഭാഗം കുട്ടികൾക്കായി പ്രത്യേകം മത്സരങ്ങൾ മികച്ച രചനകൾക്ക് സമ്മാനങ്ങൾ നല്കും. വിഷയം മത്സരത്തിന് മുമ്പ് നല്കും.

**IV. ക്വിസ്സ് ( LP,UP,HS,HSS വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരം)**

ഓരോ വിഭാഗത്തിലും ഒരു സ്കൂളിൽ നിന്നും രണ്ടുപേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം. ഓരോ വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നല്കും.

**പൊതു നിർദ്ദേശങ്ങൾ**

- രചനാ മത്സരങ്ങൾക്കാവശ്യമായ പേപ്പർ സംഘാടകർ നല്കും.
- നിശ്ചിത മാതൃകയിലുള്ള അപേക്ഷ കൃത്യമായി പൂരിപ്പിച്ച് നേരിട്ടോ താഴെകൊടുത്തിട്ടുള്ള വിലാസത്തിൽ തപാലിലോ,**2017 നവംബർ 15 ബുധനാഴ്ച പകൽ 3 മണിക്ക്** മുമ്പായി ലഭിക്കണം. **ഏതിനത്തിലാണ് മത്സരിക്കുന്നതെന്ന് കവറിനു മുകളിലെഴുതിയിരിക്കണം.**

  എല്ലാ മത്സരങ്ങൾക്കുമുള്ള അപേക്ഷ അയയ്ക്കേണ്ട വിലാസം

  കോഡിനേറ്റർ,
  ശതാബ്ദി ആഘോഷ കമ്മിറ്റി(മത്സര വിഭാഗം)
  ആർ.വി.എസ് എം.എച്ച്.എസ്സ്,എസ്സ്,പ്രയാർ
  പ്രയാർ പി.ഒ. 690547
  ഓച്ചിറ

- അപേക്ഷ നൽകിയ കുട്ടികൾ മത്സര ദിവസം നിശ്ചിതസമയത്തിന് ഒരു മണിക്കൂർ മുമ്പായി സ്കൂളിലെത്തി പേര് രജിസ്റ്റർ ചെയ്യണം.
- രജിസ്ട്രേഷൻ ഫീ ആയി 25 രൂപ കൗണ്ടറിൽ അടയ്ക്കണം.
- ഒരു കുട്ടി പരമാവധി മൂന്ന് (3) ഇനങ്ങളിൽ മാത്രമേ മത്സരിക്കുവാൻ പാടുള്ളൂ.

- **മത്സരങ്ങളുടെ സമയക്രമം**
- **HS,HSS വിഭാഗം പ്രബന്ധരചന 25/11/2017 ശനിയാഴ്ച രാവിലെ 10.30 ന്**
- **UP, HS,HSS വിഭാഗം കഥാരചന 25/11/2017 ശനിയാഴ്ച ഉച്ചയ്ക്ക് 1.30 ന്**
- **UP, HS,HSS വിഭാഗം കവിതാ രചന 25/11/2017 ശനിയാഴ്ച ഉച്ചയ്ക്ക് 3 ന്**

- **LP,UP, HS,HSS വിഭാഗം പ്രസംഗം 09/12/2017 ശനിയാഴ്ച്ച രാവിലെ 10 ന്**
- **LP,UP, HS,HSS വിഭാഗം ചിത്രരചന 09/12/2017 ശനിയാഴ്ച്ച ഉച്ചയ്ക്ക് 1.30 ന്**
- **ക്വിസ്സ് മത്സരം 23/12/2017 ശനിയാഴ്ച്ച രാവിലെ 10 ന് LP,HS വിഭാഗങ്ങളും 11.30 മണിക്ക് UP,HSS വിഭാഗങ്ങളും**

**എല്ലാ വിജയികൾക്കുമുള്ള സമ്മാനങ്ങൾ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായുള്ള പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച് വിതരണം ചെയ്യും**

കൂടുതൽ വിവരങ്ങൾക്ക്

1. S. മോഹൻ കുമാർ 9496330058
2. S .ശ്രീരാജ് 9447864763 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക